**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1023** | **25.01.2018-ൽ മറുപടിക്ക്**

**ബാലവേല വിമുക്ത സംസ്ഥാനം**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ. രാജൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ ബാലവേല വിമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ ബാലവേല വിമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ അത്തരത്തിൽ പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമത്തിന്റെ ഇൻസ്പെക്ടർമാരായി അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ്-II) മാരെയും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരെയും ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതിനോടൊപ്പം ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരെ കൺവീനർമാരായും ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സിന്റെ നിർദ്ദേശാനുസരണം കേരളത്തിൽ എല്ലാ ജില്ലകളിലും കളക്ടറെ ചെയർമാനാക്കിയും വിവിധ വകുപ്പുകളെയും, സന്നദ്ധ സംഘടനകളെയും, സാമൂഹ്യ പ്രവർത്തകരെയും അംഗങ്ങളാക്കിയും |

ജില്ലാതല ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ ചൈൽഡ് ലേബർ കം റിഹാബിലിറ്റേഷൻ കമ്മിറ്റിയുടെയും സന്നദ്ധ സംഘടനകളുടെയും സാമൂഹ്യ പ്രവർത്തകരുടെയും സഹകരണത്തോടെ സെമിനാറുകൾ, ശിൽപ്പശാലകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി വരുന്നു. ജില്ലാതലത്തിലെ ടാസ്ക്ഫോഴ്സിന്റെയും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾ കൊണ്ടും തൊഴിൽ വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനവുംമൂലം ടി നിയമം സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കാൻ കഴിയുന്നു. ഇവയുടെയെല്ലാം ഫലമായി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ബാലവേലയുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമ പ്രകാരം 2010 മുതൽ 2017 വരെ സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ 17520 പരിശോധനകൾ നടത്തുകയും 11 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ